# X പ്രത്യേക പരാമർശം

## ഗ്യലറിയിൽ ഉദ്യോഗസ്ഥർ ഹാജരാകുന്നില്ലെന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇവിടെ ബഡ്ജറ്റ് ചർച്ച നടക്കുകയാണ്. ധനകാര്യ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയോ ഇതുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥരോ ഉദ്യോഗസ്ഥ ഗാലറിയിലില്ല. പല പ്രാവശ്യം ഇത് ആവർത്തിച്ചിട്ടുള്ളതാണ്. വളരെ സുപ്രധാനമായ ചർച്ച നടക്കുകയാണ്. ഇത്തരം പ്രധാനപ്പെട്ട അവസരങ്ങളിൽപ്പോലും ഉദ്യോഗസ്ഥർ സഭയിൽ ഇല്ലെന്ന് പറഞ്ഞാൽ ഈ ചർച്ചയുടെ അന്തസ് എന്താണ്?

# XI റൂളിംഗ്

മി. സ്പീക്കർ: പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ ബഡ്ജറ്റ് ചർച്ച നടക്കുന്ന സമയത്ത് ഗ്യാലറിയിൽ വേണ്ടതാണ്. ഉദ്യോഗസ്ഥർ മാത്രമല്ല, മന്ത്രിമാരും ഉണ്ടാകുന്നത് നല്ലതാണ്.

## ധനകാര്യം (തുടർച്ച)

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെ കേരള ജനതയ്ക്കുവേണ്ടി ഞാൻ അഭിവാദ്യം ചെയ്യുന്നു. ബഡ്ജറ്റ് എന്നു പറയുന്നത് വരവ് ചെലവ് കണക്കുകളുടെ ഒരു കേവല രേഖ മാത്രമല്ലെന്നും അത് ജനകോടികളുടെ ഹൃദയ സ്പന്ദനങ്ങൾ തന്നെയാണെന്നും നമുക്ക് അറിയാനാകുന്നത് ഒരു ജനതയുടെ ആത്മാവിഷ്ക്കാര ത്തിന്റെ പ്രകടനമായി ബഡ്ജറ്റ് നമുക്ക് അനുഭവവേദ്യം ആകുമ്പോഴാണ്. ഇവിടെ ഡോ. തോമസ് ഐസക് ഈ അനുഭൂതി മലയാളികളിൽ ഉണ്ടാക്കിയിരിക്കുന്നു. ബഡ്ജറ്റ് അവതരണത്തിനു ശേഷമുള്ള മൂന്ന്, നാല് ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നിരവധി ആളുകളുമായി സംവദിക്കുവാൻ എനിക്ക് അവസരമുണ്ടായി. കേരളമാകെയുള്ള ജനങ്ങൾ തല കുലുക്കി, കൈകൾ കൂപ്പി ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ കേരളം ഒറ്റ മനുഷ്യനെപ്പോലെ ഈ ബഡ്ജറ്റിനെ നെഞ്ചിലേറ്റുന്നു, പ്രകീർത്തിക്കുന്നു. ബഡ്ജറ്റിനെക്കുറിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞു. എന്നാൽ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞിരിക്കുന്ന അഭിപ്രായമാണോ ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ മാധ്യമങ്ങൾക്ക് ഉള്ളത്? ഇവിടെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് വന്നിരി ക്കുന്ന വാർത്തകൾ നിങ്ങൾക്ക് കാണാൻ കഴിയും. മംഗളം പത്രം പറഞ്ഞിരിക്കുന്നത് "ജനകീയ മാന്ദ്യ വിരുദ്ധ വാഗ്ദാന പെരുമഴ" എന്നാണ്. ഞങ്ങളെ എല്ലാതരത്തിലും വിമർശിക്കുന്ന മലയാള മനോരമയ്ക്കുപോലും എന്തെങ്കിലും ദോഷം പറയാൻ കഴിഞ്ഞില്ല. "മാന്ദ്യത്തിന് എതിരേ, വോട്ടിന് മുമ്പേ" എന്നു മാത്രമേ പറയാൻ കഴിഞ്ഞിട്ടുള്ളൂ. മാധ്യമം പത്രത്തിൽ അദ്ദേഹത്തിന്റെ ഇന്ദ്രജാലത്തെ വിശേഷിപ്പിച്ചത് 'മാന്ദ്യകാലജാലം' എന്ന പേരോടെയാണ്. കേരള കൗമുദിയിൽ 'ജനപ്രിയം' എന്നുള്ള പേരിലാണ് ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം പരാമർശം വന്നത്. കേരളത്തിൽ എത്രമാത്രം പ്രിയങ്കരമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പി

LIBRARY ARCHIVES Kerala Legislative Assembly